"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - "എറണാകുളം ജില്ലയിലെ പുല്ലുവഴി - പാണിയേലിപോര് റോഡ്" - "എറണാകുളം ജില്ലയിലെ കീഴില്ലം - പാണിയേലിപോര് റോഡ്" എന്ന് പുനർനാമകരണം നൽകി ഭരണാനുമതി പുതുക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.685/2026/PWD തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:-
1. G.O(Rt) No.942/2017/PWD dated 10/07/2017
2. കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്റ്റ് ഡയറക്ടറുടെ 16.01.2026 -ലെ PDKRFB-MVPA/5/2022-PE4 നമ്പർ കത്ത്.

**ഉത്തരവ്**

2017-18 ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 ക്രമ നമ്പർ 29 ആയി ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പുല്ലുവഴി പാണിയേലിപോര് റോഡ് പദ്ധതിക്ക് 20 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് സൂചന (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. മുൻപ് സമർപ്പിച്ച എസ്റ്റിമേറ്റ് പുനഃപരിശോധന നടത്തണമെന്ന് പെരുമ്പാവൂർ എം.എൽ.എ ആവശ്യപ്പെട്ടതിനാൽ, 2025 ഓഗസ്റ്റ് 18-ന് കിഫ്ബി സി.ഇ.ഒ-യുടെ അധ്യക്ഷതയിൽ യോഗം ചേരുകയും നിലവിലുള്ള വീതിയിൽ ഡെപ്പോസിറ്റ് മോഡിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും കൂടാതെ പ്രസ്തുത പദ്ധതി "കീഴില്ലം - പാണിയേലിപോര്" എന്ന് നാമകരണം ചെയ്തു പുതുക്കിയ ഭരണാനുമതി നേടാനും തീരുമാനിച്ചതായും അതനുസരിച്ച് 2021-ലെ DSOR പ്രകാരം 34.85 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിച്ചതായും കീഴില്ലം - കുറുപ്പംപടി (കി.മീ 0/000 മുതൽ 6/385 വരെ), കുറുപ്പംപടി പാറ ജംഗ്ഷൻ - കൊമ്പനാട് (കി.മി 0/800 മുതൽ 8/140 വരെ), കത്തുങ്കൽ - പാണിയേലിപോര് (കി.മീ 0/000 മുതൽ 2/220 വരെ) എന്നീ സ്ട്രെച്ചുകൾ ഉൾപ്പെടുത്തി 15.945 കിലോമീറ്റർ നീളത്തിൽ 5.07 കോടി രൂപയുടെ എസ്റ്റിമേറ്റ് ഡെപ്പോസിറ്റ് വർക്കായി കിഫ്ബി അംഗീകരിച്ചതായും കൂടാതെ പദ്ധതിയുടെ പേര് "കീഴില്ലം - പാണിയേലിപോര്" എന്ന് നാമകരണം ചെയ്ത്കൊണ്ട് പുതുക്കിയ ഭരണാനുമതി നേടാൻ KIIFB നിർദേശിച്ചു എന്നും പ്രസ്തുത പദ്ധതിയ്ക്ക് "എറണാകുളം ജില്ലയിലെ കീഴില്ലം - പാണിയേലിപോര് റോഡ്"എന്ന് പുനർനാമകരണം ചെയ്യണം എന്നും മേൽ പരാമർശം 2 പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ "എറണാകുളം ജില്ലയിലെ പുല്ലുവഴി - പാണിയേലിപോര് റോഡ്" എന്ന റോഡ് പദ്ധതിയുടെ പേര് "എറണാകുളം ജില്ലയിലെ കീഴില്ലം - പാണിയേലിപോര് റോഡ്" എന്ന് പുനർനാമകരണം ചെയ്തും ടി പ്രവൃത്തിക്കുള്ള

ഭരണാനുമതി പുതുക്കി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SATHEESH KUMAR C

ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, കേരള റോഡ് ഫണ്ട് ബോർഡ്,തിരുവനന്തപുരം

ധനകാര്യ വകുപ്പ് (INFRA7/12/2026-FN dt. 05/03/2026)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 03-07-2026 09:28:57

സെക്ഷൻ ഓഫീസർ